## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5721 — 24.05.2017 ൽ മറുപടിയ്ക്ക്

### സപ്ലൈകോയിൽ തുല്യജോലിക്ക് തുല്യവേതനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) തുല്യജോലിക്ക് തുല്യവേതനം എന്ന സുപ്രീംകോടതി വിധി സപ്ലൈകോ യിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) തുല്യ ജോലിയ്ക്ക് തുല്യവേതനം എന്ന സുപ്രീംകോടതി വിധി സപ്ലൈകോയിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) സപ്ലൈകോയിലെ ജീവനക്കാർ ഏപ്രിൽ 24 മുതൽ ആരംഭിച്ച പണിമുടക്ക് അവസാനിപ്പിക്കുവാൻ സർക്കാരും ജീവനക്കാരുടെ സംഘടനകളും തമ്മിലുള്ള ഒത്ത് തീർപ്പ് വ്യവസ്ഥകൾ വിശദമാക്കാമോ; | (ബി) 24.04.2017 ൽ സപ്ലൈകോ ജീവനക്കാർ നടത്തിയ സമരത്തിന്റെ ഭാഗമായി നടത്തിയ ചർച്ചയിൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുമ്പോൾ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ കോർപ്പറേഷൻ ജീവനക്കാർക്കും ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും തുല്യ പരിഗണന നൽകുമെന്നും, യൂണിയൻ പ്രതിനിധികൾക്ക് പ്രൊഡക്റ്റിവിറ്റി കൗൺസിലുമായി ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കുമെന്നും, 04.09.2010 ലെ ജി.ഒ (എം.എസ്) 30/2010/ഭ.സി.സ.വ. മേലുള്ള സ്റ്റേ സംബന്ധിച്ച വിഷയം പരിശോധിക്കാമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർ പണിമുടക്ക് അവസാനിപ്പിച്ചത്. |
| (സി) കേരളത്തിൽ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന വകുപ്പ് ജീവനക്കാരെ പിൻവലിച്ച് അവരെ എൻ.എഫ്. എസ്.എ. യുമായി ബന്ധപ്പെട്ട തസ്തികയിലേക്ക് മാറ്റി നിയമിക്കുവാൻ തയ്യാറാകുമോ? | (സി) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധിക തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സപ്ലൈകോ എന്നിവരുടെ പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ